**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 476** **13-10-2026-ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ ഐ.ടി. വികസനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. ചാണ്ടി ഉമ്മൻ

ശ്രീ. സുധീർഷാ പാലോട്

ശ്രീ. രാജൻ. ജെ. പല്ലൻ

ശ്രീ. കെ. ബിനിമോൻ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** ഐ.ടി. മേഖലയിലെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ;

**മറുപടി:** സംസ്ഥാനത്തെ ഐ.ടി. കയറ്റുമതി വർദ്ധിപ്പിക്കുന്നതിനായി അടിസ്ഥാന സൗകര്യ വികസനവും വൻകിട പദ്ധതികളും താഴെ പറയുന്ന രീതിയിൽ നടപ്പിലാക്കി വരുന്നു:

1.ടെക്നോപാർക്ക് ഫേസ് I-ൽ GCCകൾക്ക് മാത്രമായി മാറ്റി വെച്ചിരിക്കുന്ന 50,000 ചതുരശ്ര അടി വിസ്തീർണമുള്ള ചാലിയാർ കെട്ടിടത്തിൽ Keralam GCC Launchpad സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

2. ടെക്നോപാർക്ക് ഫേസ് 4 (ടെക്നോസിറ്റി)ൽ സംയോജിത ഐ.ടി. ടൗൺഷിപ്പ് വികസിപ്പിച്ചു വരുന്നു. MSME ടെക്നോളജി സെന്റർ, കേരള സ്പേസ് പാർക്ക്, യൂണിറ്റി മാൾ, ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള, ഡിജിറ്റൽ സയൻസ് പാർക്ക്, സെൻട്രൽ ഫോറൻസിക് സയൻസ് ലബോറട്ടറി, ടാറ്റാ കൺസൾട്ടൻസിയുടെ പുതിയ ക്യാമ്പസ്, സൺടെക് ക്യാമ്പസ്, കബനി ഐ.ടി. ബിൽഡിംഗ്, QUAD പദ്ധതി എന്നിവ ഉൾപ്പെടുന്നു. സൺടെക് ക്യാമ്പസിന്റെയും കബനി ഐ.ടി. ബിൽഡിംഗിന്റെയും നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

3. ടെക്നോപാർക്കിന്റെ കീഴിലുള്ള കൊല്ലം കുണ്ടറയിലെ അഷ്ടമുടി കെട്ടിടത്തിൽ, ഏകദേശം 1 ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള ഐ.ടി. സൗകര്യമുണ്ട്. നിലവിൽ ഇവിടെ 16 കമ്പനികൾ പ്രവർത്തിച്ചു വരികയും ഏകദേശം 560 തൊഴിലവസരങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നു. കൂടാതെ, ഏകദേശം 20,000 ചതുരശ്ര അടി സ്ഥലം പുതിയ സ്ഥാപനങ്ങൾക്ക് പാട്ടത്തിന് നൽകുന്നതിനായി സജ്ജമാണ്.

4. ഇൻഫോപാർക്കിന്റെ നാലാം ഘട്ട വികസന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

5. ഇൻഫോപാർക്ക് രണ്ടാം ഘട്ടത്തിലെ പ്രധാന പദ്ധതികൾ താഴെ ചേർക്കുന്നു.

i. ജിയോജിത് (Geojit): 1.25 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിൽ നിർമ്മാണം പുരോഗമിക്കുന്നു.

ii. യു.എസ്.ടി. ഗ്ലോബൽ ക്യാമ്പസ് (UST Global Campus): 6 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐ.ടി. ക്യാമ്പസ് നിർമ്മാണം പൂർത്തിയായി വരുന്നു.

iii. കാസ്പിയൻ ഡെവലപ്മെന്റ്: 1.2 ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള കെട്ടിടത്തിന്റെ നിർമാണം പൂർത്തിയായി വരുന്നു.

iv. ലുലു ഐ.ടി. ടവർ (Lulu IT Tower): 14 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിലുള്ള ഐ.ടി ടവർ നിർമ്മാണം ഉടനെ ആരംഭിക്കുന്നതാണ്

6. കോഴിക്കോട് സൈബർ പാർക്കിൽ 9 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിൽ ഹൈലൈറ്റ് സൈബർ ടവറിന്റെയും 1.5 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിൽ ഹൈലൈറ്റ് സൈബർ ഹബ്ബിന്റെയും നിർമ്മാണം പുരോഗമിച്ചു വരുന്നു.

7. സൈബർ പാർക്കിൽ 4 ലക്ഷം ചതുരശ്ര അടി വിസ്തീർണത്തിൽ രണ്ടാമത്തെ ഐ ടി കെട്ടിടം നിർമ്മിക്കാൻ ലക്ഷ്യമിടുന്നു.

8. കാലിനോവ അരീന 15 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിൽ നിർമ്മിക്കുന്ന ഐ.റ്റി കെട്ടിടത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു

9. 82,000 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ കാലിനോവ ഡാറ്റ സെന്റർ നിർമ്മാണം പുരോഗമിക്കുന്നു

10. 42,000 ചതുരശ്ര അടി വിസ്തീർണ്ണത്തിലുള്ള സാൻഡ്ബോക്സ് മിനി ടെക് പാർക്കിന്റെ നിർമ്മാണം പുരോഗമിക്കുന്നു.

**(ബി)** അടുത്ത അഞ്ച് വർഷത്തേക്ക് സംസ്ഥാനത്തിന്റെ ഐ.ടി. മേഖലയിൽ സർക്കാർ നിശ്ചയിച്ച പ്രധാന ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** അടുത്ത അഞ്ച് വർഷത്തിനുള്ളിൽ സംസ്ഥാനത്തിന്റെ ഐ.ടി. മേഖലയിൽ നിർണ്ണായക മുന്നേറ്റം സൃഷ്ടിക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ ലക്ഷ്യമിടുന്നു:

1. ജി.സി.സി. ബോയിലർപ്ലേറ്റ് പ്രോഗ്രാം (GCC Boilerplate Programme): ആഗോള ശേഷി കേന്ദ്രങ്ങൾ (Global Capability Centres - GCC) കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി പ്രത്യേക പിന്തുണയും അടിസ്ഥാന സൗകര്യങ്ങളും നൽകുന്ന പദ്ധതി.

2. അഫിലിയേഷൻ പ്രോഗ്രാം (Affiliation Programme): ഐ.ടി. കമ്പനികൾ, ഗവേഷണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയെ കോർത്തിണക്കി നവീകരണവും വൈദഗ്ധ്യവും വർദ്ധിപ്പിക്കുന്നതിനുള്ള അഫിലിയേഷൻ പദ്ധതി.

3. സ്വകാര്യ ഐ.ടി. പാർക്ക് പ്രോത്സാഹന പദ്ധതി (Private IT Park Promotion Programme): സ്വകാര്യ നിക്ഷേപകരുടെ പങ്കാളിത്തത്തോടെ സംസ്ഥാനത്തുടനീളം കൂടുതൽ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനായി ആനുകൂല്യങ്ങളും പിന്തുണയും നൽകുന്ന പദ്ധതി.

4. വിമാനത്താവളങ്ങൾക്ക് സമീപമുള്ള ഐ.ടി പാർക്കുകൾ (IT Parks near Airports): അന്താരാഷ്ട്ര കണക്റ്റിവിറ്റിയും ഗതാഗത സൗകര്യങ്ങളും പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ വിമാനത്താവളങ്ങൾക്ക് സമീപം പുതിയ ഐ.ടി. പാർക്കുകൾ/കോറിഡോറുകൾ വികസിപ്പിക്കുന്ന പദ്ധതി

**(സി)** കേരളത്തെ ദേശീയതലത്തിൽ പ്രമുഖ ഐ.ടി. നിക്ഷേപ കേന്ദ്രമാക്കുന്നതിനായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

**മറുപടി:** കേരളത്തെ ദേശീയ-അന്തർദേശീയ തലത്തിൽ പ്രമുഖ ഐ.ടി. നിക്ഷേപ കേന്ദ്രമായി ഉയർത്തുന്നതിനായി ആഗോളതലത്തിൽ വൻതോതിലുള്ള മാർക്കറ്റിംഗ്, ബ്രാൻഡിംഗ് പ്രചാരണങ്ങൾ നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി താഴെ പറയുന്ന പ്രമുഖ ആഗോള ടെക് ഇവന്റുകളിൽ പങ്കാളിയായി കേരളത്തിന്റെ ഐ.ടി. ശേഷിയും നിക്ഷേപ സാധ്യതകളും പ്രദർശിപ്പിക്കുന്നു

**1. ജിടെക്സ് ഗ്ലോബൽ (GITEX Global):** ആഗോള തലത്തിലെ ഏറ്റവും വലിയ സാങ്കേതിക വിദ്യ മേളകളിൽ ഒന്നായ ജി.ടെക്സിൽ പങ്കെടുത്തുകൊണ്ട് വിദേശ നിക്ഷേപകരെയും പ്രമുഖ ഐ.ടി. കമ്പനികളെയും കേരളത്തിലേക്ക് ആകർഷിക്കുന്നു.

**2. സെബിറ്റ് (CeBIT) & ജി.സി.സി. ഇവന്റുകൾ(GCC Events):** ഗൾഫ് സഹകരണ കൗൺസിൽ (GCC) രാജ്യങ്ങളിലെയും യൂറോപ്യൻ വിപണികളിലെയും പ്രമുഖ ഐ.ടി. കോൺക്ലേവുകളിലും ബിസിനസ് മീറ്റുകളിലും പങ്കെടുത്ത് നിക്ഷേപാനുകൂല അന്തരീക്ഷം പ്രചരിപ്പിക്കുന്നു.

**3.ജി.സി.സി. ഇവന്റുകളും മറ്റ് അന്താരാഷ്ട്ര ഐ.ടി. കോൺക്ലേവുകളും:**

ഗൽഫ് രാജ്യങ്ങളിലെയും യൂറോപ്യൻ വിപണികളിലെയും പ്രമുഖ ഐ.ടി കോൺക്ലേവുകളിലും ബിസിനസ് മീറ്റുകളിലും പങ്കെടുത്ത് നിക്ഷേപാനുകൂല അന്തരീക്ഷം പ്രചരിപ്പിക്കുന്നു. ഇതിലൂടെ കേരളത്തിന്റെ ഐ.ടി പ്രവർത്തനങ്ങളും നിക്ഷേപ,വ്യവസായ,സാങ്കേതിക മേഖലകളിലെ സാധ്യതകളും കൂടുതൽ ഫലപ്രദമായി അവതരിപ്പിക്കുനനതിനും ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനും സാധിക്കുന്നു.

മേൽ പരാമർശിച്ച ടെക് ഇവൻറുകൾക്ക് പുറമേ അന്താരാഷ്ട്ര റോഡ് ഷോകൾ, നിക്ഷേപ സംഗമങ്ങൾ, ബിസിനസ് ഡെലിഗേഷൻ മീറ്റുകൾ എന്നിവ സംഘടിപ്പിച്ച് കൊണ്ട് ആഗോളതലത്തിൽ കേരളത്തെ മുൻനിര ഐ.ടി. ഡെസ്റ്റിനേഷനായി ബ്രാൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**